(ബി) ഈ നികുതി എന്നു മുതൽക്കാണ് ഈടാക്കുന്നത്;

(സി) ഇത് എത്ര ശതമാനമാക്കിക്കുറച്ചു;

(ഡി) നികുതി കുറയ്ക്കാനുണ്ടായ കാരണമെന്താണ്;

(ഇ) ഈ ഇനത്തിൽ സംസ്ഥാനത്തിന് എത്ര സംഖ്യ നഷ്ടം വരും?

ഉത്തരം

(എ) 8% വിൽപ്പന നികുതി നിരക്കിലായിരുന്നു.

(ബി) 1-4-1979 മുതൽ ഈ ഉത്തരവിനു പ്രാബല്യമുണ്ട്.

(സി) 4-4-1986-ലെ ജി. ഒ. (എം. എസ്.) 49/86/റവ. ഡി. പ്രകാരം ഇത് വീണ്ടും 5 ശതമാനമാക്കിക്കുറച്ചു.

(ഡി) കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകൾ ലാഭകരമായി വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യം മുതലായി ഈ വ്യവസായം നേരിടുന്ന പ്രതിസന്ധിമൂലം വിൽപ്പന നികുതി നൽകിക്കൊണ്ടും ഈ വ്യവസായം മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടെന്നു കപ്പൽശാലാ അധികൃതരും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് പരിഗണിച്ചുകൊണ്ടാണ് നികുതി നിരക്ക് കുറച്ചത്.

(ഇ) നികുതി 5 ശതമാനം നിരക്കിൽ കണക്കാക്കുമ്പോൾ ഏകദേശം 2.28 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

566 [603] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന നികുതിയിനത്തിൽ മൊത്തം എത്ര സംഖ്യ പിരിച്ചെടുത്തിട്ടുണ്ട്;

(ബി) ഓരോ വർഷത്തിനും ഈ ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ബഡ്ജറ്റ് വിഭാവനം ചെയ്തതിനേക്കാൾ കൂടുതലായിരുന്നോ കുറവായിരുന്നോ?

ഉത്തരം

(എ) 1982-83 മുതൽ 1985-86 വരെയുള്ള 4 വർഷം മൊത്തം 1410.65 കോടി രൂപ വിൽപ്പന നികുതി ഇനത്തിൽ കിട്ടിയിട്ടുണ്ട്.

(ബി)

1982-83	..	275.20 കോടി രൂപ
1983-84	..	306.60 ,,
1984-85	..	375.26 ,,
1985-86	..	453.59 ,,

(സി) 1982-83-ൽ കുറവായിരുന്നു. മറ്റു മൂന്നു വർഷവും കൂടുതലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly